# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 273** **29-06-2016-ൽ മറുപടിയ്ക്ക്**

## നികുതി സമാഹരണം

| | ചോദ്യം<br>ശ്രീ. പി.കെ.ശശി | | മറുപടി<br>ശ്രീ. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | 2006-11 ലെയും 2011-16 ലെയും സർക്കാരുകൾ അതത് കാലഘട്ടങ്ങളിലെ അഞ്ച് വർഷങ്ങളിൽ ലക്ഷ്യമിട്ട നികുതി സമാഹരണം എത്ര കോടി രൂപ ആയിരുന്നു; അതിൽ എത്ര കോടി രൂപ പിരിച്ചെടുത്തു; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് 2006-11-ലെയും 2011-16-ലെയും സർക്കാരുകൾ ഓരോ സാമ്പത്തിക വർഷവും ലക്ഷ്യമിട്ട തനത് നികുതി വരുമാനവും ലഭിച്ച വരുമാനവും സംബന്ധിച്ച വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു:- |

| സാമ്പത്തിക വർഷം | ലക്ഷ്യമിട്ട സംസ്ഥാന തനത് നികുതി വരുമാനം (തുക കോടി രൂപയിൽ) | ലഭിച്ച വരുമാനം (തുക കോടി രൂപയിൽ) |
|---|---|---|
| 2006-07 | 11662.86 | 11941.82 |
| 2007-08 | 13789.79 | 13668.95 |
| 2008-09 | 15780.85 | 15990.18 |
| 2009-10 | 18228.28 | 17625.02 |
| 2010-11 | 20884.23 | 21721.69 |
| 2011-12 | 26641.53 | 25718.60 |
| 2012-13 | 32122.21 | 30076.61 |
| 2013-14 | 38771.10 | 31995.02 |
| 2014-15 | 42467.49 | 35232.50 |
| 2015-16 | 45428.03 | 39002.09 (അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം.) |

| | | | |
|---|---|---|---|
| (ബി) | നികുതി പിരിച്ചെടുക്കുന്നതിൽ കഴിഞ്ഞ സർക്കാർ ഗുരുതരമായ അലംഭാവം കാണിച്ചതായി കരുതുന്നുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ; | (ബി) | ഉണ്ട്.<br>വർദ്ധിച്ചുവന്ന അഴിമതിയും സർക്കാർ സ്റ്റേകളും തന്മൂലമുണ്ടായ നികുതി കുടിശ്ശികയും നികുതി പിരിവിനെ പ്രതികൂലമായി ബാധിച്ചു. നികുതി മേഖലയിൽ സാങ്കേതിക നവീകരണം നടന്നില്ല. വാണിജ്യ നികുതി വകുപ്പിലെ സർവ്വറിന്റെ ശേഷി വർദ്ധിപ്പിക്കാത്തതുമൂലം നികുതി ഭരണത്തിൽ ഉണ്ടാക്കിയിരിക്കുന്ന പ്രയാസങ്ങൾ നിരവധിയാണ്. കംപ്യൂട്ടർ വല്ക്കരണത്തിന്റെ ആദ്യഘട്ടത്തിൽ ഉപയോഗിച്ച സോഫ്റ്റ്‌വെയർ അതേപോലെ തുടരുകയാണ്. ചെറിയ നവീകരണം വരുത്തിയാൽതന്നെ ഗണ്യമായ തോതിൽ നികുതി ചോർച്ച തടയാൻ കഴിയുമെന്ന് C&AG തന്നെ ചൂണ്ടിക്കാട്ടിയതാണ്. നികുതി പിരിവിലെ കാര്യക്ഷമതയും ഇല്ലാതായി. ഇതിനേറ്റവും നല്ല സൂചിക സ്ക്രൂട്ടിനി ചെയ്യപ്പെടുന്ന റിട്ടേണുകളുടെ ശതമാനം വളരെ താഴ്ന്നതാണെന്നതാണ്. സ്ക്രൂട്ടിനിയോ ഓഡിറ്റ് വിസിറ്റോ മൂലമുണ്ടാകുന്ന അധിക ഡിമാന്റും വളരെ ചെറുതാണ്.<br>രജിസ്ട്രേഷൻ വകുപ്പിൽ നല്കിയ ചില ഇളവുകളും വരുമാനത്തെ വളരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |
| (സി) | കഴിഞ്ഞ സർക്കാർ അഞ്ച് വർഷത്തിനിടെ എത്ര കോടി രൂപയുടെ നികുതി സമാഹരണത്തിന് സ്റ്റേ നൽകി എന്ന് വ്യക്തമാക്കുമോ; | (സി) | കഴിഞ്ഞ സർക്കാർ 5 വർഷത്തിനിടയിൽ വാണിജ്യ നികുതിയിനത്തിൽ 440.41 കോടി രൂപയുടെ നികുതി സമാഹരണത്തിന് സ്റ്റേ നൽകിയിട്ടുണ്ട്.<br>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലാന്റ് റവന്യൂ ഇനങ്ങളിൽ നിലനിന്നിരുന്ന സ്റ്റേയുടെ വിശദാംശം ഇനം തിരിച്ച് ചുവടെ ചേർക്കുന്നു. |

| സാമ്പത്തിക വർഷം | സ്റ്റേ തുക (കോടി രൂപയിൽ) | | | |
|---|---|---|---|---|
| | കോടതി | ഗവൺ - മെന്റ് | അപ്പലറ്റ് | ആകെ |
| 2011-12 | 56.13 | 23.44 | 8.23 | 87.80 |
| 2012-13 | 66.35 | 35.98 | 10.95 | 113.28 |
| 2013-14 | 47.16 | 39.63 | 12.69 | 99.48 |
| 2014-15 | 49.24 | 34.20 | 18.54 | 101.98 |
| 2015-16 | 56.74 | 34.50 | 20.87 | 112.11 |

| | | | |
|---|---|---|---|
| (ഡി) | കഴിഞ്ഞ സർക്കാർ വാറ്റ് നികുതി നിരക്കുകൾ എത്ര ശതമാനംവരെ വർദ്ധിപ്പിച്ചു; വ്യക്തമാക്കുമോ? | (ഡി) | കേരള മൂല്യ വർദ്ധിത നികുതി നിയമത്തിലെ പൊതു നിരക്കുകളായ 4%, 12.5% എന്നിവ യഥാക്രമം 5%, 13.5% എന്നിവയായി കേരള ധനകാര്യ നിയമം, 2012 പ്രകാരം വർദ്ധിപ്പിക്കുകയുണ്ടായി. 2013-ലെ കേരള ധനകാര്യ നിയമപ്രകാരം 13.5% നിരക്ക് 14.5% ആയും ഉയർത്തിയിട്ടുണ്ട്. കൂടാതെ ചില ഉത്പന്നങ്ങളുടെ നികുതി നിരക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 20 മുതൽ 30 ശതമാനംവരെ വർദ്ധിപ്പിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

Jeyanth

സെക്ഷൻ ഓഫീസർ.

<u>**അനുബന്ധം**</u>

| Sl. No. | Description of goods | Rate of tax (In Percentage) |
|---|---|---|
| 1) | Cigars, cheroots, cigarillos and cigarettes of tobacco or of tobacco substitutes. | 30% |
| 2) | Carry bags made of plastic including poly propylene which have a vest type self carrying feature to carry commodities. | 20% |
| 3) | Disposable plates, cups and leaves made of plastic including Styrofoam and Styrofoam sheets. | 20% |
| 4) | Printed banners, hoarding and leaflets of poly vinyl Choloride/ Polyethylene and other plastic sheets. | 20% |
| 5) | Pan Masala, pan chutney, Churna for pan. | 22.5% |
| 6) | Other manufactured tobacco and manufactured tobacco substitutes homogenised or reconstituted tobacco, tobacco extracts and essences. | 22.5% |

സെക്ഷൻ ഓഫീസർ